1

©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2021

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.

പതിനഞ്ചാം കേരള നിയമസഭ
(FIFTEENTH KERALA LEGISLATIVE ASSEMBLY)

# സബ്ജക്ട് കമ്മിറ്റി XII
# (SUBJECT COMMITTEE XII)

## ആരോഗ്യവും കുടുംബക്ഷേമവും
## (HEALTH AND FAMILY WELFARE)

## ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ട്
**(2021-2022)**

## FIRST REPORT ON THE SCRUTINY OF DEMANDS FOR GRANTS
**(2021-2022)**

2021 ജൂലൈ 22-ാം തീയതി സമർപ്പിച്ചത്
(Presented on 22nd July, 2021)

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2021

SECRETARIAT OF THE KERALA LEGISLATURE
THIRUVANANTHAPURAM
2021

പതിനഞ്ചാം കേരള നിയമസഭ

(FIFTEENTH KERALA LEGISLATIVE ASSEMBLY)

# സബ്ജക്ട് കമ്മിറ്റി XII

# (SUBJECT COMMITTEE XII)

# ആരോഗ്യവും കുടുംബക്ഷേമവും

# (HEALTH AND FAMILY WELFARE)

## ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ട്

(2021-2022)

**FIRST REPORT ON THE SCRUTINY OF DEMANDS FOR GRANTS**
**(2021-2022)**

907/2021.

# ഉള്ളടക്കം

| | | |
|---|---|---|
| | | *പേജ്* |
| സമിതിയുടെ ഘടന | .. | v |
| അവതാരിക | .. | vii |
| റിപ്പോർട്ട് | .. | 1 |

# സബ്ജക്ട് കമ്മിറ്റി XII

(ആരോഗ്യവും കുടുംബക്ഷേമവും)

(2021-2023)

**ഘടന**

ചെയർപേഴ്സൺ:

ശ്രീമതി വീണാ ജോർജ്ജ്,
ആരോഗ്യവും വനിത-ശിശുക്ഷേമവും വകുപ്പുമന്ത്രി.

അംഗങ്ങൾ:

ശ്രീമതി ഒ. എസ്. അംബിക

ശ്രീ. എ. പി. അനിൽ കുമാർ

ശ്രീമതി സി. കെ. ആശ

ശ്രീ. പി. കെ. ബഷീർ

ശ്രീമതി ദെലീമ

ശ്രീ. ജോബ് മൈക്കിൾ

ശ്രീമതി യു. പ്രതിഭ

ശ്രീമതി കെ. കെ. രമ

ഡോ. സുജിത് വിജയൻപിള്ള.

നിയമസഭാ സെക്രട്ടേറിയറ്റ് :

ശ്രീ. എസ്. വി. ഉണ്ണികൃഷ്ണൻ നായർ, സെക്രട്ടറി

ശ്രീ. ബി. റെജി, ജോയിന്റ് സെക്രട്ടറി

ശ്രീ. ആർ. വേണുഗോപാൽ, ഡെപ്യൂട്ടി സെക്രട്ടറി

ശ്രീമതി ലാലി. വി. എസ്., അണ്ടർ സെക്രട്ടറി.

## അവതാരിക

2021-2022 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ ആരോഗ്യവും കുടുംബക്ഷേമവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XII-ന്റെ പരിധിയിൽ വരുന്ന ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച, സമിതിയുടെ ഒന്നാമത് റിപ്പോർട്ട് സമിതി ചെയർപേഴ്സണായ ഞാൻ സമർപ്പിക്കുന്നു.

സമിതി, 16-6-2021-ന് യോഗം ചേർന്ന്, കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലും ഇത് സംബന്ധിച്ച് പുറപ്പെടുവിച്ച മാർഗ്ഗനിർദ്ദേശ രേഖകളിലും വ്യവസ്ഥ ചെയ്തിട്ടുള്ള പ്രകാരം താഴെപ്പറയുന്ന ധനാഭ്യർത്ഥനകളിൽ ഉൾപ്പെട്ട വിവിധ ചെലവിനങ്ങൾ പരിശോധിച്ചു:

| | | |
|---|---|---|
| ധനാഭ്യർത്ഥന നമ്പർ XVIII | — | വൈദ്യസഹായവും പൊതുജനാരോഗ്യവും |
| ധനാഭ്യർത്ഥന നമ്പർ XIX | — | കുടുംബക്ഷേമം |
| ധനാഭ്യർത്ഥന നമ്പർ XX | — | ശുദ്ധജല വിതരണവും ശുചീകരണവും |
| ധനാഭ്യർത്ഥന നമ്പർ XXX | — | ഭക്ഷ്യം |

മേല്പറഞ്ഞ ധനാഭ്യർത്ഥനകളെ സംബന്ധിച്ച് ബന്ധപ്പെട്ട വകുപ്പുകളിൽ നിന്നും ലഭിച്ച കുറിപ്പുകൾ സമിതി പരിഗണിക്കുകയും യോഗങ്ങളിൽ സന്നിഹിതരായിരുന്ന ഉദ്യോഗസ്ഥരിൽ നിന്നും കൂടുതൽ വിവരങ്ങൾ ആരായുകയും ചെയ്തു.

ഭരണഘടനാപരവും സാമ്പത്തികവുമായ പരിമിതികൾക്ക് വിധേയമായി സമിതി അതിന്റെ നിർദ്ദേശങ്ങൾക്കും ശിപാർശകൾക്കും രൂപം നൽകുകയും അവ റിപ്പോർട്ടിൽ ഉൾക്കൊള്ളിക്കുകയും ചെയ്തിരിക്കുന്നു.

2021 ജൂലൈ 1-ാം തീയതി ചേർന്ന യോഗത്തിൽ സമിതി ഈ റിപ്പോർട്ട് അംഗീകരിച്ചു.

**വീണാ ജോർജ്ജ്,**
*ചെയർപേഴ്സൺ,*
*സബ്ജക്ട് കമ്മിറ്റി XII.*

തിരുവനന്തപുരം,
2021 ജൂലൈ 1.

## റിപ്പോർട്ട്

## ധനാഭ്യർത്ഥന നമ്പർ—XVIII

## വൈദ്യസഹായരംഗവും പൊതുജനാരോഗ്യവും

വോട്ട് ചെയ്തത് : 9838.1489 കോടി രൂപ

ചാർജ്ജ് ചെയ്തത് : 11.74 ലക്ഷം രൂപ

### ആരോഗ്യ വകുപ്പ്

2210-01-110-24—കേരള അടിയന്തിര വൈദ്യസഹായം (108 ആംബുലൻസ്)

ബജറ്റ് വിഹിതം : 60 കോടി രൂപ (പ്ലാൻ)

1. കനിവ് ആംബുലൻസ് പദ്ധതിയുടെ ഭാഗമായി 315 ആംബുലൻസ് സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ സർവ്വീസ് നടത്തുന്നു. ഈ പദ്ധതിയുടെ നടത്തിപ്പിനായി വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ധനപുനഃവിനിയോഗംവഴിയോ അഥവാ ഉപധനാഭ്യർത്ഥനവഴിയോ ഈ ശീർഷകത്തിൽ 20 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

### കേരള ആരോഗ്യ ശാസ്ത്ര സർവ്വകലാശാല

2210-05-001-93-35—മെഡിക്കൽ സർവ്വകലാശാല സ്ഥാപിക്കൽ-മൂലധന ആസ്തികളുടെ രൂപീകരണത്തിനുള്ള സഹായധനം

ബഡ്ജറ്റ് വിഹിതം : 10 കോടി രൂപ (പ്ലാൻ)

2. ഭരണാനുമതി ലഭിച്ച പദ്ധതിഘടകങ്ങളുടെ പൂർത്തീകരണത്തിന് അനുവദിച്ചിട്ടുള്ള തുക അപര്യാപ്തമാണ്. ആയതിനാൽ ധനപുനഃവിനിയോഗംവഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ ഈ ശീർഷകത്തിൽ 42.22 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2210-06-101-53—പാവപ്പെട്ടവർക്ക് വൈദ്യസഹായം നൽകുന്നതിനുള്ള സൊസൈറ്റി

ബഡ്ജറ്റ് വിഹിതം : 5 കോടി രൂപ (പ്ലാൻ)

3. നിലവിൽ പെൻഡിംഗ് ഉള്ള അപേക്ഷകൾ തീർപ്പാക്കുന്നതിന് വകയിരുത്തി യിരിക്കുന്ന തുക അപര്യാപ്തമാണ്. ആയതിനാൽ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥനവഴിയോ 5 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2210-06-101-49—സാംക്രമിക രോഗങ്ങളുടെ മേൽനോട്ടവും നിയന്ത്രണവും

ബഡ്ജറ്റ് വിഹിതം : 5 കോടി രൂപ (പ്ലാൻ)

4. മുൻ വർഷങ്ങളിൽ സാധനസാമഗ്രികൾ വാങ്ങിയ വകയിൽ കേരള മെഡിക്കൽ സർവീസ് കോർപ്പറേഷൻ ലിമിറ്റഡിന് നല്കുവാനുള്ള തുക വകയിരിത്തിയിരിക്കുന്നത് അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 1.5970 കോടി രൂപ അധികമായി ധനപുനഃവിനിയോഗംവഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2210-06-101-45—പകർച്ച വ്യാധികളല്ലാത്ത രോഗങ്ങളുടെ മേൽനോട്ടവും നിയന്ത്രണവും

ബഡ്ജറ്റ് വിഹിതം : 4 കോടി രൂപ (പ്ലാൻ)

5. മുൻ വർഷത്തെ മരുന്ന് വാങ്ങിയ വകയിൽ കേരള മെഡിക്കൽ സർവീസ് കോർപ്പറേഷൻ ലിമിറ്റഡിന് നൽകുന്നതിനായി നടപ്പ് സാമ്പത്തിക വർഷത്തിൽ വകയിരുത്തിയ തുക അപര്യാപ്തമാണ്. ആയതിനാൽ 1.6485 കോടി രൂപ അധികമായി ധനപുനഃവിനിയോഗംവഴിയോ അഥവാ ഉപധനാഭ്യർത്ഥനവഴിയോ ഈ ശീർഷകത്തിൽ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**നാഷണൽ ഹെൽത്ത് മിഷൻ (NHM)**

2210-06-101-31—ആരോഗ്യകിരണം-രാഷ്ട്രീയ ബാൽസ്വാസ്ഥ്യകാര്യ ക്രമം

ബഡ്ജറ്റ് വിഹിതം : 20 കോടി രൂപ (പ്ലാൻ)

6. നാഷണൽ ഹെൽത്ത് മിഷൻ (NHM) ചെലവിനത്തിൽ അധികരിച്ച 38.33 കോടി രൂപ ആശുപത്രി നിർവ്വഹണ സമിതികൾക്ക് തിരികെ നൽകേണ്ടതുണ്ട്. ആയതിനായി നടപ്പ് സാമ്പത്തിക വർഷം വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമാണ്. ആയതിനാൽ 38.3294 കോടി രൂപ അധികമായി ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗംവഴിയോ അഥവാ ഉപധനാഭ്യർത്ഥനവഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2210-06-101-19—ദേശീയ ആരോഗ്യദൗത്യം (കേന്ദ്രാവിഷ്കൃതം 60 : 40)

ബഡ്ജറ്റ് വിഹിതം : 800 കോടി രൂപ (പ്ലാൻ)

7. പദ്ധതി പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിനായി നടപ്പു സാമ്പത്തിക വർഷം അനുവദിച്ചിട്ടുള്ള തുക അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ 603.08 കോടി രൂപ ധനപുനഃവിനിയോഗംവഴിയോ അഥവാ ഉപധനാഭ്യർത്ഥനവഴിയോ അധികമായി ഈ ശീർഷകത്തിൽ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2210-06-101-12-01—കോവിഡ് 19 പകർച്ചവ്യാധി നിയന്ത്രണവും നിർവഹണവും ദേശീയ ആരോഗ്യമിഷനു കീഴിലെ കോവിഡ് ബ്രിഗേഡ് പാക്കേജ് ജീവനക്കാർക്കുള്ള ആനുകൂല്യവും റിസ്ക് അലവൻസും

ബഡ്ജറ്റ് വിഹിതം : ഇല്ല. (പ്ലാൻ)

8. ദേശീയ ആരോഗ്യ മിഷന് കീഴിലെ കോവിഡ് ബ്രിഗേഡ് ജീവനക്കാർക്ക് അലവൻസും ഇൻസെന്റീവും ഇനത്തിൽ നൽകുന്നതിനായി നടപ്പു സാമ്പത്തിക വർഷം തുക അനുവദിച്ചിട്ടില്ലാത്തതിനാൽ 240 കോടി രൂപ അധികമായി ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥനവഴിയോ ഈ ശീർഷകത്തിൽ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

4210-01-110-52—കോഴിക്കോട് മാനസിക ആരോഗ്യ ആശുപത്രിയുടെ നിലവാരം ഉയർത്തൽ

ബഡ്ജറ്റ് വിഹിതം : ഇല്ല. (പ്ലാൻ)

9. കോഴിക്കോട് മാനസിക ആരോഗ്യ ആശുപത്രിയുടെ നിർമ്മാണത്തിനുള്ള മാസ്റ്റർ പ്ലാൻ തയ്യാറാക്കിയതുമായി ബന്ധപ്പെട്ട കുടിശ്ശിക തുക നൽകുന്നതിനായി 21.24 ലക്ഷം രൂപ അധികമായി ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗംവഴിയോ അഥവാ ഉപധനാഭ്യർത്ഥനവഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2210-01-110-85-05-1—മാനസിക ആരോഗ്യ കേന്ദ്രം തിരുവനന്തപുരം-ഓഫീസ് ചെലവുകൾ - വെള്ളക്കരം

ബഡ്ജറ്റ് വിഹിതം : 30 ലക്ഷം രൂപ ( നോൺ പ്ലാൻ)

10. തിരുവനന്തപുരം മാനസിക ആരോഗ്യകേന്ദ്രത്തിലെ വെള്ളത്തിന്റെ ചാർജ്ജിനത്തിൽ നടപ്പുസാമ്പത്തിക വർഷം വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമാണ്. ആയതിനാൽ ധനപുനഃവിനിയോഗംവഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ ഈ ശീർഷകത്തിൽ 1.8650 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2210-03-110-99—ആശുപത്രികളും ഡിസ്പെൻസറികളും ജനറൽ ജില്ലാ താലൂക്ക് ആശുപത്രികൾ ഒഴികെ

ബഡ്ജറ്റ് വിഹിതം : (നോൺ പ്ലാൻ)

2210-03-110-99-05-2—ഓഫീസ് ചെലവുകൾ-വൈദ്യുതി ചെലവ് - 8.16 ലക്ഷം രൂപ

2210-03-110-99-34-2—മറ്റു ചെലവുകൾ-വൈദ്യുതി ചെലവ് - 9000 രൂപ

11. വൈദ്യുതി കരം ഇനത്തിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ ചുവടെ കൊടുത്തിരിക്കുന്ന ശീർഷകങ്ങൾക്കു നേരെ കാണിച്ചിരിക്കുന്ന തുക അധികമായി ധനപുനഃവിനിയോഗംവഴിയോ അഥവാ ഉപധനാഭ്യർത്ഥനവഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2210-03-110-99-05-2 - 27 ലക്ഷം രൂപ

2210-03-110-99-34-2 - 7 ലക്ഷം രൂപ

2210-06-107-99-05-2—പബ്ലിക് ഹെൽത്ത് ലബോറട്ടറികൾ (പൊതുജനാരോഗ്യ പരീക്ഷണ ശാലകൾ) - ഓഫീസ് ചെലവുകൾ - വൈദ്യുതി ചെലവ്

ബഡ്ജറ്റ് വിഹിതം : 36.56 ലക്ഷം രൂപ (നോൺ പ്ലാൻ)

12. തിരുവനന്തപുരം പബ്ലിക് ഹെൽത്ത് ലാബിന്റെ pending electricity bill തുക നൽകുന്നതിനു വേണ്ടി വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമാണ്. ആയതിനാൽ 49.45 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗംവഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ ഈ ശീർഷകത്തിൽ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2210-06-112-98—ആശാവർക്കർമാർക്കുള്ള അലവൻസ്

ബഡ്ജറ്റ് വിഹിതം : 111.1429 കോടി രൂപ (നോൺ പ്ലാൻ)

13. ആശാവർക്കർമാരുടെ പ്രതിമാസ ഹോണറേറിയം 5000 രൂപയിൽ നിന്നും 6000 രൂപയായി ഉയർത്തിയിരുന്നു. ബജറ്റിൽ 111.1429 കോടി രൂപ മാത്രമേ വകയിരുത്തിയിട്ടുള്ളൂ. ഹോണറേറിയം ആയി നടപ്പ് സാമ്പത്തിക വർഷം അനുവദിച്ച തുക അപര്യാപ്ത മായതിനാൽ അധികമായി ഈ ശീർഷകത്തിൽ 75.6581 കോടി രൂപ ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥനവഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2210-80-190-99-36—കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷൻ ലിമിറ്റഡ് സഹായധനം - സഹായധനം ശമ്പളേതരം

ബഡ്ജറ്റ് വിഹിതം : 324 കോടി രൂപ (നോൺ പ്ലാൻ)

14. കോവിഡ് പ്രതിരോധ സാമഗ്രികൾ വാങ്ങുന്നതിനായി ഈ ശീർഷകത്തിൽ അനുവദിച്ചിട്ടുള്ള തുക അപര്യാപ്തമാണ്. ആയതിനാൽ 653 കോടി രൂപ അധികമായി ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗംവഴിയോ അഥവാ ഉപധനാഭ്യർത്ഥനവഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ്**

ഇടുക്കി, കാസർഗോഡ്, പത്തനംതിട്ട ജില്ലകളിൽ പുതിയ മെഡിക്കൽ കോളേജുകൾ

ബഡ്ജറ്റ് വിഹിതം : (പ്ലാൻ)

4210-03-105-66 - 5 കോടി രൂപ

4210-03-105-65 - 4.85 കോടി രൂപ

4210-03-105-41 - 5 കോടി രൂപ

15. ഇടുക്കി, കാസർഗോഡ്, പത്തനംതിട്ട ജില്ലകളിൽ പുതിയ മെഡിക്കൽ കോളേജിനായി വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമാണ്. ആയതിനാൽ താഴെപ്പറയുന്ന ശീർഷകങ്ങളിൽ കാണിച്ചിരിക്കുന്ന തുക അധികമായി ധനപുനഃവിനിയോഗംവഴിയോ അഥവാ ഉപധനാഭ്യർത്ഥനവഴിയോ ഈ ശീർഷകത്തിൽ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

4210-03-105-66- : 15 കോടി രൂപ

4210-03-105-65- : 15 കോടി രൂപ

4210-03-105-41- : 8.05 കോടി രൂപ

സാധന സാമഗ്രികൾ (നോൺ പ്ലാൻ)

ബഡ്ജറ്റ് വിഹിതം : 12.1093 കോടി രൂപ

2210-01-110-98-24- : 2.2760 കോടി രൂപ

2210-01-110-97-24- : 3.5 കോടി രൂപ

2210-01-110-96-24- : 1.8291 കോടി രൂപ

2210-01-110-95-24- : 2.5918 കോടി രൂപ

2210-01-110-94-24- : 1.9124 കോടി രൂപ

16. മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള മെഡിക്കൽ കോളേജുകളിൽ രോഗികളുടെ ചികിത്സയുമായി ബന്ധപ്പെട്ട oxygen, മറ്റു ജീവൻ രക്ഷാ മരുന്നുകൾ, ആഹാര സാധനങ്ങൾ എന്നിവയുടെ ബില്ലുകൾ മാറി നൽകുന്നതിനായി 24-Materials & Supplies എന്ന ശീർഷകത്തിൽ അനുവദിച്ചിട്ടുള്ള തുക അപര്യാപ്തമാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ താഴെ കൊടുത്തിരിക്കുന്ന ശീർഷകങ്ങളിൽ 14.1907 കോടി രൂപ ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥനവഴിയോ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2210-01-110-98-24 : 3.7240 കോടി രൂപ

2210-01-110-97-24 : 6.5 കോടി രൂപ

2210-01-110-96-24 : 1.1709 കോടി രൂപ

2210-01-110-95-24 : 2.4082 കോടി രൂപ

2210-01-110-94-24 : 38.76 ലക്ഷം രൂപ

ഓഫീസ് ചെലവുകൾ - വെള്ളക്കരം

ബഡ്ജറ്റ് വിഹിതം : 24.9330 കോടി രൂപ (നോൺ പ്ലാൻ)

2210-01-110-94-05-1 : 31.50 ലക്ഷം രൂപ

2210-01-110-88-05-1 : 2.50 ലക്ഷം രൂപ

2210-01-110-58-05-1 : 15 ലക്ഷം രൂപ

2210-05-105-98-05-1 : 11.025 കോടി രൂപ

2210-05-105-97-05-1 : 7.56 കോടി രൂപ

2210-05-105-96-05-1 : 3.9375 കോടി രൂപ

2210-05-105-94-05-1 : 78.75 ലക്ഷം രൂപ

2210-05-105-80-05-1 : 50,000 രൂപ

2210-05-105-53-05-1 : 35.20 ലക്ഷം രൂപ

2210-05-105-47-05-1 : 75.60 ലക്ഷം രൂപ

2210-05-105-32-05-1 : 2 ലക്ഷം രൂപ

17. മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള മെഡിക്കൽ കോളേജുകളിലെ വെള്ളക്കരത്തിനായി ബന്ധപ്പെട്ട ശീർഷകങ്ങളിൽ അനുവദിച്ചിട്ടുള്ള 15.2903 കോടി രൂപ അപര്യാപ്തമാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ കുടിശ്ശികയായുള്ള വെള്ളക്കരം അടച്ചു തീർക്കേണ്ടതിനായി താഴെപ്പറയുന്ന നോൺ പ്ലാൻ ശീർഷകങ്ങളിൽ 24.9330 കോടി രൂപ ധനപുനഃവിനിയോഗംവഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ പ്രസ്തുത ശീർഷകങ്ങൾക്കു നേരെ കാണിച്ചിരിക്കുന്നവിധം അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2210-01-110-94-05-1 : 8.50 ലക്ഷം രൂപ

2210-01-110-88-05-1 : 9.50 ലക്ഷം രൂപ

2210-01-110-58-05-1 : 3 ലക്ഷം രൂപ

2210-05-105-98-05-1 : 9.4333 കോടി രൂപ

2210-05-105-97-05-1 : 36 ലക്ഷം രൂപ

2210-05-105-96-05-1 : 3.9375 കോടി രൂപ

2210-05-105-94-05-1 : 71.25 ലക്ഷം രൂപ

2210-05-105-80-05-1 : 11.50 ലക്ഷം രൂപ

2210-05-105-53-05-1 : 26.80 ലക്ഷം രൂപ

2210-05-105-47-05-1 : 20.40 ലക്ഷം രൂപ

2210-05-105-32-05-1 : 5 ലക്ഷം രൂപ

കൺസോളിഡേറ്റഡ് പേ (നോൺ പ്ലാൻ)

ബഡ്ജറ്റ് വിഹിതം : 122.8399 കോടി രൂപ

2210-05-105-98-02-4 —8.1909 കോടി രൂപ

2210-05-105-97-02-4 —7.5228 കോടി രൂപ

2210-05-105-96-02-4— 5.0301 കോടി രൂപ

2210-05-105-95-02-4 — 4.828 കോടി രൂപ

2210-05-105-94-02-4 — 6.3762 കോടി രൂപ

2210-05-105-93-02-4 — 67.20 ലക്ഷം രൂപ

2210-05-105-80-02-4 — 80 കോടി രൂപ

2210-05-105-49-02-4 — 1.9258 കോടി രൂപ

2210-05-105-34-02-4 — 41.41 ലക്ഷം രൂപ

2210-05-105-32-02-4 — 6.0436 കോടി രൂപ

2210-05-105-26-02-4 —1.8364 കോടി രൂപ

18. മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള മെഡിക്കൽ കോളേജുകളിൽ ബോണ്ട് വ്യവസ്ഥയിൽ ജോലി ചെയ്യുന്ന Junior Residents, Senior Residents, Lecturer എന്നീ ജീവനക്കാരുടെ വർദ്ധിപ്പിച്ച ശമ്പളം നൽകുന്നതിനായി വകയിരിത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 53.0394 കോടി രൂപ ധനപുനഃവിനിയോഗംവഴിയോ അഥവാ ഉപധനാഭ്യർത്ഥനവഴിയോ അധികമായി ഈ ശീർഷകങ്ങളിൽ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2210-05-105-98-02-4 — 4.6041 കോടി രൂപ

2210-05-105-97-02-4 — 3.9483 കോടി രൂപ

2210-05-105-96-02-4 — 2.9079 കോടി രൂപ

2210-05-105-95-02-4 — 1.0108 കോടി രൂപ

2210-05-105-94-02-4 — 1.918 കോടി രൂപ

2210-05-105-93-02-4 — 3.36 ലക്ഷം രൂപ

2210-05-105-80-02-4 — 29.1916 കോടി രൂപ

2210-05-105-49-02-4 — 3.7190 കോടി രൂപ

2210-05-105-34-02-4 — 68.66 ലക്ഷം രൂപ

2210-05-105-32-02-4 — 4.3863 കോടി രൂപ

2210-05-105-26-02-4 — 63.32 ലക്ഷം രൂപ

മെഡിക്കൽ കോളേജുകളിലെ House Surgeon/ PG വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ് ആന്റ് സ്റ്റൈപ്പന്റ് (നോൺ പ്ലാൻ)

ബഡ്ജറ്റ് വിഹിതം : 225.0878 കോടി രൂപ

2210-05-105-98-12— 67.9764 കോടി രൂപ

2210-05-105-97-12— 48.50 കോടി രൂപ

2210-05-105-96-12- 26.250 കോടി രൂപ

2210-05-105-95-12—20.1300 കോടി രൂപ

2210-05-105-94-12— 32.0261 കോടി രൂപ

2210-05-105-93-12—4.8125 കോടി രൂപ

2210-05-105-92-12— 6.0003 കോടി രൂപ

2210-05-105-80-12—5.2988 കോടി രൂപ

2210-05-105-47-12— 5.0790 കോടി രൂപ

2210-05-105-34-12—6.0810 കോടി രൂപ

2210-05-105-32-12— 2.9337 കോടി രൂപ

19. മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള മെഡിക്കൽ കോളേജുകളിൽ House Surgeon/PG വിദ്യാർഥികൾക്ക് stipend നൽകുന്നതിനാവശ്യമായ തുക, 2019 മുതൽ വർദ്ധിപ്പിച്ച സ്റ്റൈപ്പന്റ് നിരക്ക് പ്രകാരം അപര്യാപ്തമായതിനാൽ 46.5355 കോടി രൂപ ധനപുനഃവിനിയോഗംവഴിയോ അഥവാ ഉപധനാഭ്യർത്ഥനവഴിയോ അധികമായി താഴെപ്പറയുന്ന ശീർഷങ്ങളിൽ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2210-05-105-98-12—12.0236 കോടി രൂപ

2210-05-105-97-12—10.1500 കോടി രൂപ

2210-05-105-96-12— 5.75 കോടി രൂപ

2210-05-105-95-12—3.5530 കോടി രൂപ

2210-05-105-94-12— 5.9739 കോടി രൂപ

2210-05-105-93-12—63.75 ലക്ഷം രൂപ

2210-05-105-92-12-99.97 ലക്ഷം രൂപ

2210-05-105-80-12— 4.1012 കോടി രൂപ

2210-05-105-47-12—49.03 ലക്ഷം രൂപ

2210-05-105-34-12— 76.90 ലക്ഷം രൂപ

2210-05-105-32-12—2.0873 കോടി രൂപ

**ഭക്ഷ്യസുരക്ഷാ വകുപ്പ്**

2210-06-102-99-05-2—ഭക്ഷ്യകാര്യഭരണം-ഓഫീസ് ചെലവുകൾ -വൈദ്യുതി ചെലവ്

ബഡ്ജറ്റ് വിഹിതം : 6 ലക്ഷം രൂപ (നോൺ പ്ലാൻ)

20. ഭക്ഷ്യസുരക്ഷാ കമ്മീഷണറേറ്റിലും അതിനു കീഴിലുള്ള 14 ജില്ലാ കാര്യാലയങ്ങളിലും സാമ്പിൾ പരിശോധനകളടക്കമുള്ള പ്രവർത്തനങ്ങൾ നടക്കുന്നതിനാൽ വൈദ്യുതി ഉപഭോഗം വർദ്ധിച്ച സാഹചര്യത്തിൽ നടപ്പുസാമ്പത്തിക വർഷം വകയിരുത്തിയ തുക അപര്യാപ്തമാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ 10.50 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗംവഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ ഈ ശീർഷകത്തിൽ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2210-06-107-98-05-1 —ഗവൺമെന്റ് അനലിസ്റ്റ് ലബോറട്ടറി, തിരുവനന്തപുരം ഓഫീസ് ചെലവുകൾ- വെള്ളക്കരം

ബഡ്ജറ്റ് വിഹിതം : 88,000 രൂപ (നോൺ പ്ലാൻ)

21. ഭക്ഷ്യസാപിംൾ പരിശോധനയിൽ ജലം ഒരു പ്രധാന ഘടകമാണ്. ഭക്ഷ്യസുരക്ഷാ കമ്മീഷണറേറ്റിനു കീഴിലുള്ള മൂന്ന് NABL അക്രഡിറ്റഡ് ലാബുകളിലെയും പത്തനംതിട്ട ജില്ലാ ഫുഡ് ടെസ്റ്റിംഗ് ലാബിലെയും കണ്ണൂരിൽ വാടകകെട്ടിടത്തിൽ പ്രവർത്തിച്ചു തുടങ്ങിയ മേഖലാ ലാബിലെയും കൂടി ആകെ ജല ഉപയോഗം നിറവേറ്റുന്നതിന് നടപ്പു സാമ്പത്തിക വർഷം വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 90,000 രൂപ അധികമായി ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥനവഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2210-06-107-98-05-2—ഗവൺമെന്റ് അനലിസ്റ്റ് ലബോറട്ടറി - ഓഫീസ് ചെലവുകൾ- വൈദ്യുതി ചെലവ്

ബഡ്ജറ്റ് വിഹിതം : 22.96 ലക്ഷം രൂപ (നോൺ പ്ലാൻ)

22. ഭക്ഷ്യ സുരക്ഷാ കമ്മീഷണറേറ്റിന് കീഴിൽ തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നിവിടങ്ങളിലായി മൂന്ന് മേഖലാ ലബോറട്ടറികളും പത്തനംതിട്ട ജില്ലയിൽ ശബരിമല വഴിപാട് നിർമ്മാണത്തിനുപയോഗിക്കുന്ന അസംസ്കൃത വസ്തുക്കൾ, കുടിവെള്ളം എന്നിവയുടെ പരിശോധനയുമായി ബന്ധപ്പെട്ട് ഒരു ജില്ലാ ഫുഡ് ടെസ്റ്റിംഗ് ലാബും പ്രവർത്തിച്ചുവരുന്നു. കൂടാതെ തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് മേഖലയിൽ NABL അക്രഡിറ്റേഷൻ ലാബുകളും പ്രവർത്തിക്കുന്നു. ഈ ലാബുകളിൽ അത്യാധുനിക ഉപകരണങ്ങൾ പ്രവർത്തിപ്പിക്കേണ്ടി വരുന്നതിനാൽ വൈദ്യുത ഉപഭോഗം വർദ്ധിച്ചുവരുന്ന സാഹചര്യമാണ്. നടപ്പു സാമ്പത്തിക വർഷം വൈദ്യുത ചെലവിനത്തിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമാണ്. ആയതിനാൽ 15.04 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥനവഴിയോ ഈ ശീർഷകത്തിൽ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2210-06-107-98-05-3—ഗവൺമെന്റ് അനലിസ്റ്റ് ലബോറട്ടറി-ഓഫീസ് ചെലവുകൾ- ടെലിഫോൺ ചെലവ്

ബഡ്ജറ്റ് വിഹിതം : 38,000 രൂപ (നോൺ പ്ലാൻ)

23. ഭക്ഷ്യ സുരക്ഷാ കമ്മീഷണറേറ്റിന് കീഴിൽ പ്രവർത്തിക്കുന്ന വിവിധ ലാബുകൾക്കും FSSAI അനുശാസിക്കുന്ന വിവിധ പ്രവർത്തനങ്ങൾക്കുമായുള്ള ടെലഫോൺ/ബ്രോഡ്ബാന്റ് ചെലവിനത്തിനും തടസമില്ലാത്ത ഇന്റർനെറ്റ് സേവനത്തിനായും നടപ്പു സാമ്പത്തിക വർഷം വകയിരുത്തിയ തുക അപര്യാപ്തമാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 70,000 രൂപ ധനപുനഃവിനിയോഗംവഴിയോ അഥവാ ഉപധനാഭ്യർത്ഥനവഴിയോ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**റീജിയണൽ കാൻസർ സെന്റർ**

2210-05-105-52-31- റീജിയണൽ കാൻസർ സെന്റർ സഹായധനം-ശമ്പളം

ബഡ്ജറ്റ് വിഹിതം : 38.2478 കോടി രൂപ (നോൺ പ്ലാൻ)

24. റീജിയണൽ കാൻസർ സെന്ററിലെ ശമ്പള പരിഷ്കരണം നടപ്പിലാക്കുന്നതിനും ബത്തകൾ, ശമ്പള പരിഷ്കരണ കുടിശ്ശിക എന്നിവ നൽകുന്നതിനും അനുവദിച്ച തുക അപര്യാപ്തമാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ 51.7522 കോടി രൂപ ഈ ശീർഷകത്തിൽ അധികമായി ധനപുനഃവിനിയോഗംവഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2210-05-105-52-36—പ്രാദേശിക അർബുദ ചികിത്സാ കേന്ദ്രം സഹായധനം-ശമ്പളേതരം

ബഡ്ജറ്റ് വിഹിതം : 21.3577 കോടി രൂപ (നോൺ പ്ലാൻ)

25. റീജിയണൽ കാൻസർ സെന്ററിലെ ജീവനക്കാരുടെ ശമ്പളേതര ചെലവുകൾക്കായി അനുവദിച്ച തുക അപര്യാപ്തമായതിനാൽ 42.5023 കോടി രൂപ ഈ ശീർഷകത്തിൽ അധികമായി ധനപുനഃവിനിയോഗംവഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**മലബാർ കാൻസർ സെന്റർ**

2210-05-200-96—മലബാർ കാൻസർ സെന്ററിനു സഹായം

ബഡ്ജറ്റ് വിഹിതം : (പ്ലാൻ)

35 —മൂലധന ആസ്തികളുടെ രൂപീകരണത്തിനുള്ള സഹായധനം : 15 കോടി രൂപ

36 — സഹായധനം - ശമ്പളേതരം : 10 കോടി രൂപ

ബഡ്ജറ്റ് വിഹിതം : (നോൺ പ്ലാൻ)

31 —സഹായധനം - ശമ്പളം : 6.1194 കോടി രൂപ

36 — സഹായധനം - ശമ്പളേതരം : 5.2785 കോടി രൂപ

26. മലബാർ കാൻസർ സെന്റർ നടപ്പിലാക്കുന്ന വിവിധ വികസന പദ്ധതികളുടെ പൂർത്തികരണത്തിനായും മറ്റു ചെലവുകൾക്കും മേൽ സൂചിപ്പിച്ച ശീർഷകങ്ങളിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ 92.6746 കോടി രൂപ പ്ലാൻ ഫണ്ടിലും 10.2409 കോടി രൂപ നോൺ പ്ലാൻ ഫണ്ടിലും ധനപുനഃവിനിയോഗംവഴിയോ അഥവാ ഉപധനാഭ്യർത്ഥനവഴിയോ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

### ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡയബറ്റിസ്

2210-01-200-93-31—GIA - ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡയബറ്റിസ് - സഹായധനം - ശമ്പളം

ബഡ്ജറ്റ് വിഹിതം : 58.29 ലക്ഷം രൂപ (നോൺ പ്ലാൻ)

27. ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡയബറ്റിസിലെ ജൂനിയർ ഡോക്ടർമാരുടെയും മറ്റ് ജീവനക്കാരുടെയും വർദ്ധിപ്പിച്ച നിരക്കിലുള്ള ശമ്പളം നൽകുന്നതിന് അനുവദിച്ചുള്ള തുക അപര്യാപ്തമാണെന്ന് സമിതി മനസ്സിലാക്കുന്നു ആയതിനാൽ ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥനവഴിയോ 75 ലക്ഷം രൂപ അധികമായി ഈ ശീർഷകത്തിൽ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

### ഐക്കോൺസ്

2210-05-105-36—ജ്ഞാനഗോചര ആശയവിനിമയ വൈകല്യമുള്ളവരെ പുനരധിവസിപ്പിക്കുന്നതിനുവേണ്ടിയുള്ള സൊസൈറ്റി (സൊസൈറ്റി ഫോർ റിഹാബിലിറ്റേഷൻ ഓഫ് കോഗ്നിറ്റീവ് ആന്റ് കമ്മ്യൂണിക്കേറ്റീവ് ഡിസ്സോർഡേഴ്സ്)

ബഡ്ജറ്റ് വിഹിതം : 2.2251 കോടി രൂപ (നോൺ പ്ലാൻ)

28. വിഭിന്നശേഷി വിഭാഗത്തിൽപ്പെടുന്ന വ്യക്തികളുടെ പ്രത്യേക ചികിത്സാ-പുനരധിവാസ പ്രവർത്തനങ്ങൾ ഐക്കോൺസ് നടപ്പിലാക്കി വരുന്നു. മേൽ പറഞ്ഞ പദ്ധതിയിൽ ചികിത്സയ്ക്കായി വിദഗ്ധ ഡോക്ടർമാരുടെയും പുനരധിവാസത്തിനായി വിവിധ തെറാപ്പികളിൽ യോഗ്യതയുള്ളവരുടെയും പഠനത്തിനായി സ്പെഷ്യൽ അദ്ധ്യാപകരുടെയും സേവനങ്ങൾക്കായുള്ള ചെലവിനായി വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 2.5749 കോടി രൂപ ധനപുനഃവിനിയോഗംവഴിയോ അഥവാ ഉപധനാഭ്യർത്ഥനവഴിയോ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2210-05-105-28—മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടറേറ്റിനു കീഴിൽ 50% കേന്ദ്രാവിഷ്കൃത പദ്ധതികൾക്കുള്ള സംസ്ഥാന സഹായം

ബഡ്ജറ്റ് വിഹിതം : 50 ലക്ഷം രൂപ (പ്ലാൻ)

29. നിലവിലെ 14 സ്കീമുകളുടെ തുടർ പ്രവർത്തനങ്ങൾ നടത്തുന്നതിനുവേണ്ടി നടപ്പ് സാമ്പത്തിക വർഷം വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 25 കോടി രൂപ അധികമായി ധനപുനഃവിനിയോഗംവഴിയോ അഥവാ ഉപധനാഭ്യർത്ഥനവഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

### ഇംഹാൻസ് (ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെന്റൽ ഹെൽത്ത് ആന്റ് ന്യൂറോ സയൻസ്)

2210-05-200-95-31—മാനസിക ആരോഗ്യം, നാഡീവ്യൂഹം സംബന്ധിച്ച ശാസ്ത്രം-സഹായധനം-ശമ്പളം

ബഡ്ജറ്റ് വിഹിതം : 3 കോടി രൂപ (നോൺ പ്ലാൻ)

30. ജീവനക്കാരുടെ ശമ്പളത്തിനും മറ്റ് അലവൻസുകൾക്കുമായി നിലവിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 1.991 കോടി രൂപ അധികമായി ധനപുനഃവിനിയോഗംവഴിയോ അഥവാ ഉപധനാഭ്യർത്ഥനവഴിയോ ഈ ശീർഷകത്തിൽ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

### സ്റ്റേറ്റ് ഹെൽത്ത് ഏജൻസി

2210-06-800-81—പ്രധാനമന്ത്രി ജന ആരോഗ്യ യോജന/ കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി - സംസ്ഥാന പദ്ധതി

ബഡ്ജറ്റ് വിഹിതം : 175 കോടി രൂപ (പ്ലാൻ)

2210-06-800-80-02—പ്രധാനമന്ത്രി ജന ആരോഗ്യ യോജന/കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി - സംസ്ഥാന വിഹിതം.

ബഡ്ജറ്റ് വിഹിതം : 85 കോടി രൂപ (പ്ലാൻ)

ആകെ ബഡ്ജറ്റ് വിഹിതം : 260 കോടി രൂപ (പ്ലാൻ)

31. പദ്ധതി നടത്തിപ്പിന് 2020-21 സാമ്പത്തിക വർഷം 745 കോടി രൂപ ആകെ ആവശ്യമായി വന്നിരുന്നു. ഇതിൽ 138 കോടി രൂപ കേന്ദ്ര വിഹിതമായി ലഭ്യമായി. ബാക്കി ആവശ്യമുള്ള 607 കോടി രൂപയിൽ 356.57 കോടി രൂപ സംസ്ഥാന വിഹിതമായി ലഭിക്കുകയും ബാക്കി ആശുപത്രികൾക്ക് കുടിശ്ശികയായി ഉണ്ടായിരുന്ന 250.43 കോടി രൂപ നടപ്പു സാമ്പത്തിക വർഷത്തിൽ അനുവദിച്ച 260 കോടി രൂപയിൽ നിന്നുമാണ് കണ്ടെത്തിയത്. പ്രസ്തുത തുക അപര്യാപ്തമായതിനാൽ മേൽപ്പറഞ്ഞ ശീർഷകങ്ങളിൽ 603 കോടി രൂപ അധികമായി ധനപുനഃവിനിയോഗംവഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

### ആയുഷ് വകുപ്പ്

### ഭാരതീയ ചികിത്സാ വകുപ്പ്

2210-02-001-91—ആരോഗ്യ വിവരങ്ങളുടെ നടത്തിപ്പ് ക്രമം (എച്ച്.ഐ.എം.എസ്)

ബഡ്ജറ്റ് വിഹിതം : 60 ലക്ഷം രൂപ (പ്ലാൻ)

32. 125 ആശുപത്രികളിൽ ഇ-ഹോസ്പിറ്റൽ സംവിധാനം നടപ്പിലാക്കുന്നതിന് നിലവിലെ ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ 13.123 കോടി രൂപ അധികമായി ധനപുനഃവിനിയോഗംവഴിയോ അഥവാ ഉപധനാഭ്യർത്ഥനവഴിയോ ഈ ശീർഷകത്തിൽ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2210-02-101-76—<u>പ്രകൃതി ദുരന്തംമൂലമുള്ള ആരോഗ്യ പ്രശ്നവും പകർച്ചവ്യാധികളുടെ നിയന്ത്രണവും</u>

ബഡ്ജറ്റ് വിഹിതം : 1.5 കോടി രൂപ (പ്ലാൻ)

33. കോവിഡ്-19 പ്രതിരോധ പ്രവർത്തനങ്ങൾക്കാവശ്യമായ മരുന്ന്, രോഗ പ്രതിരോധ ഉപകരണങ്ങളായ ഗ്ലൗസ്, സാനിറ്റൈസർ, എന്നിവ ലഭ്യമാക്കുന്നതിനായി ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമാണ്. ആയതിനാൽ <u>1.5 കോടി രൂപ അധികമായി ധനപുനഃവിനിയോഗംവഴിയോ അഥവാ ഉപധനാഭ്യർത്ഥനവഴിയോ ഈ ശീർഷകത്തിൽ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.</u>

2210-02-101-74—<u>ഭാരതീയ ചികിത്സാ രീതിയിലുള്ള സ്പോർട്സ് മെഡിസിൻ ഗവേഷണശാല</u>

ബഡ്ജറ്റ് വിഹിതം : 1 കോടി രൂപ (പ്ലാൻ)

34. തിരുവനന്തപുരം, കൊല്ലം, ഇടുക്കി, എറണാകുളം, തൃശ്ശൂർ, പാലക്കാട്, മലപ്പുറം, കണ്ണൂർ, ജില്ലയിലെ സ്പോർട്സ് യൂണിറ്റുകളുടെ സുഗമമായ പ്രവർത്തനത്തിന് നിലവിലെ ഫണ്ട് അപര്യാപ്തമായതിനാൽ <u>ഈ ശീർഷകത്തിൽ 40 ലക്ഷം രൂപ ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥനവഴിയോ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.</u>

2210-02-101-65—<u>ജീവനിയും പുനർനവയും</u>

ബഡ്ജറ്റ് വിഹിതം : 90 ലക്ഷം രൂപ (പ്ലാൻ)

35. ജീവനി (Diabetic mellitus) പദ്ധതി തിരുവനന്തപുരം, കൊല്ലം, എറണാകുളം, കണ്ണൂർ ജില്ലകളിലേയും പുനർനവ (Strokes Management) പത്തനംതിട്ട, കോട്ടയം, കോഴിക്കോട്, കണ്ണൂർ ജില്ലകളിലേയും തെരഞ്ഞെടുക്കപ്പെട്ട ആശുപത്രികളിൽ നടപ്പിലാക്കി വരുന്നു. പദ്ധതിയുടെ സുഗമമായ നടത്തിപ്പിനായി നിലവിലെ ബഡ്ജറ്റ് വിഹിതം അപര്യാപ്തമാണെന്ന് സമിതി മനസ്സിലാക്കുന്നു. <u>ആയതിനാൽ 10 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗംവഴിയോ അഥവാ ഉപധനാഭ്യർത്ഥനവഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.</u>

4210-02-103-94– <u>ഭാരതീയ ചികിത്സാ വകുപ്പിന് കീഴിലുള്ള മരാമത്ത് പണികൾ</u>

ബഡ്ജറ്റ് വിഹിതം : 6 കോടി രൂപ (പ്ലാൻ)

36. മലപ്പുറം ജില്ലയിലെ എടക്കര ഗവ. ആയുർവേദ ആശുപത്രിയുടെ പുതിയ മന്ദിരം നിർമ്മാണത്തിനായി വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമായതിനാൽ <u>2.5 കോടി രൂപ അധികമായി ധനപുനഃവിനിയോഗംവഴിയോ അഥവാ ഉപധനാഭ്യർത്ഥനവഴിയോ ഈ ശീർഷകത്തിൽ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.</u>

2210-02-101-97-24– മറ്റ് ആശുപത്രികളും ഡിസ്പെൻസറികളും - സാധന സാമഗ്രികൾ

ബഡ്ജറ്റ് വിഹിതം : 5.9738 കോടി രൂപ (നോൺ പ്ലാൻ)

37. നടപ്പുസാമ്പത്തികവർഷം ഈ ശീർഷകത്തിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ ധനപുനഃവിനിയോഗംവഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ 2 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2210-02-101-74—ഭാരതീയ ചികിത്സാ രീതിയിലുള്ള സ്പോർട്സ് മെഡിസിൻ ഗവേഷണശാല

ബഡ്ജറ്റ് വിഹിതം : നോൺ പ്ലാൻ

2210-02-101-74-04-1 — യാത്രാ ചെലവുകൾ - യാത്രാബത്ത - 1,000 രൂപ

2210-02-101-74-04-2 — യാത്രാ ചെലവുകൾ - സ്ഥലംമാറ്റബത്ത - 1,000 രൂപ

38. കേരള സ്പോർട്സ് ആയുർവേദ ആശുപത്രിയിലെ ജീവനക്കാരുടെ യാത്രാബത്ത ബില്ലുകൾ, ട്രാൻസ്ഫർ ടി.എ. ബില്ലുകൾ എന്നിവയ്ക്കായി നടപ്പ് സാമ്പത്തികവർഷം വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ താഴെപ്പറയുന്ന ശീർഷകങ്ങൾക്കു നേരെ കാണിച്ചിരിക്കുന്ന തുക ധനപുനഃവിനിയോഗംവഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2210-02-101-74-04-1 — 10,000 രൂപ

2210-02-101-74-04-2 — 7,000 രൂപ

2210-02-101-74—ഭാരതീയ ചികിത്സാ രീതിയിലുള്ള സ്പോർട്സ് മെഡിസിൻ ഗവേഷണശാല

ബഡ്ജറ്റ് വിഹിതം : നോൺ പ്ലാൻ

2210-02-101-74-05-1 — ഓഫീസ് ചെലവുകൾ - വെള്ളക്കരം — 1,000 രൂപ

2210-02-101-74-05-2 — ഓഫീസ് ചെലവുകൾ - വൈദ്യുതി ചെലവ് — 1,000 രൂപ

2210-02-101-74-05-3 — ഓഫീസ് ചെലവുകൾ-ടെലഫോൺ ചെലവ് — 1,000 രൂപ

2210-02-101-74-05-4 — ഓഫീസ് ചെലവുകൾ - മറ്റിനങ്ങൾ — 1,000 രൂപ

39. കേരള സ്പോർട്സ് മെഡിസിൻ ഗവേഷണശാലയിലെ വാട്ടർ ചാർജ്ജ് ബില്ലുകൾ, വൈദ്യുത ചാർജ്ജ്, ടെലഫോൺ ചാർജ്ജ്, ഓഫീസിലെ മറ്റ് ചെലവുകൾ എന്നിവയ്ക്കായി നടപ്പ് സാമ്പത്തികവർഷം വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ ചുവടെ പറയുന്ന ശീർഷകങ്ങൾക്കു നേരെ കാണിച്ചിരിക്കുന്ന തുക അധികമായി ധനപുനഃവിനിയോഗംവഴിയോ അഥവാ ഉപധനാഭ്യർത്ഥനവഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2210-02-101-74-05-1 — 25,000 രൂപ

2210-02-101-74-05-2 — 2.50 ലക്ഷം രൂപ

2210-02-101-74-05-3 — 30,000 രൂപ

2210-02-101-74-05-4 — 50,000 രൂപ

2210-02-191-50—മുനിസിപ്പൽ കോർപ്പറേഷനുകൾക്കുള്ള ധനസഹായം - റവന്യൂ ചെലവിലേക്കുള്ള ബ്ലോക്ക് ഗ്രാന്റ്

ബഡ്ജറ്റ് വിഹിതം : 4.55 ലക്ഷം രൂപ (നോൺ പ്ലാൻ)

2210-02-192-50—മുനിസിപ്പാലിറ്റികൾക്കും മുനിസിപ്പൽ കൗൺസിലുകൾക്കുമുള്ള ധനസഹായം - റവന്യൂ ചെലവിലേക്കുള്ള ബ്ലോക്ക് ഗ്രാന്റ്

ബഡ്ജറ്റ് വിഹിതം : 45.26 ലക്ഷം രൂപ (നോൺ പ്ലാൻ)

2210-02-196-50—ജില്ലാ പരിഷത്തുകൾ/ജില്ലാ പഞ്ചായത്തുകൾക്കുള്ള സഹായം - റവന്യൂ ചെലവിലേക്കുള്ള ബ്ലോക്ക് ഗ്രാന്റ്

ബഡ്ജറ്റ് വിഹിതം : 67.20 ലക്ഷം രൂപ (നോൺ പ്ലാൻ)

40. കോർപ്പറേഷൻ, മുനിസിപ്പാലിറ്റി, പഞ്ചായത്ത് പരിധികളിൽ വരുന്ന ആയുർവേദ ആശുപത്രികളിൽ ഒരു ദിവസം നിശ്ചിത എണ്ണം രോഗികളെ ചികിത്സിക്കാനുള്ള സൗകര്യമുണ്ട്. അവർക്ക് ഭക്ഷണം നൽകേണ്ടതായിട്ടുണ്ട്. എന്നാൽ ഈ ശീർഷകങ്ങളിൽ നടപ്പ് സാമ്പത്തിക വർഷത്തിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമാണ്. ആയതിനാൽ താഴെപ്പറയുന്ന ശീർഷകങ്ങൾക്കു നേരെ കാണിച്ചിരിക്കുന്ന തുക അധികമായി ധനപുനഃവിനിയോഗംവഴിയോ അഥവാ ഉപധനാഭ്യർത്ഥനവഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2210-02-191-50 : 5 ലക്ഷം രൂപ

2210-02-192-50 : 75 ലക്ഷം രൂപ

2210-02-196-50 : 90 ലക്ഷം രൂപ

**ആയുർവേദ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ്**

2210-02-101-78-17—ആയുർവേദ കോളേജ് ആശുപത്രി, കണ്ണൂർ - ചെറുകിട മരാമത്ത് പദ്ധതികൾ

ബഡ്ജറ്റ് വിഹിതം : 6 ലക്ഷം രൂപ (പ്ലാൻ)

41. പി.ജി. വിദ്യാർത്ഥികൾക്കും പഠന ഗവേഷണങ്ങൾക്കും, രോഗികളുടെ ചികിത്സക്കുമായി ആശുപത്രിയിലെ ശല്യതന്ത്ര വിഭാഗത്തിന് മൈനർ ഓപ്പറേഷൻ

തീയേറ്റർ ആശുപത്രി കെട്ടിടത്തിന്റെ മുകൾ നിലയിൽ പണിയുന്നതിന് നിലവിൽ അനുവദിച്ചിട്ടുള്ള തുക അപര്യാപ്തമാണ്. ആയതിനാൽ 50 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗംവഴിയോ അഥവാ ഉപധനാഭ്യർത്ഥനവഴിയോ ഈ ശീർഷകത്തിൽ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2210-05-101-49—പുതിയ സർക്കാർ ആയുർവേദ മെഡിക്കൽ കോളേജ്

ബഡ്ജറ്റ് വിഹിതം : ഇല്ല. (പ്ലാൻ)

42. ആയുർവേദ മെഡിക്കൽ വിദ്യാഭ്യാസവകുപ്പിന് കീഴിൽ ഇടുക്കി ജില്ലയിലെ ഉടുമ്പൻചോലയിൽ പുതിയ സർക്കാർ ആയുർവേദ മെഡിക്കൽ കോളേജ് സ്ഥാപിക്കുന്നതിന് ബഡ്ജറ്റിൽ തുക അനുവദിച്ചിട്ടില്ല. ആയതിനാൽ ഈ ശീർഷകത്തിൽ 1 കോടി രൂപ ധനപുനഃവിനിയോഗംവഴിയോ അഥവാ ഉപധനാഭ്യർത്ഥനവഴിയോ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

4210-03-101-93– ഗവൺമെന്റ് ആയുർവേദ കോളേജ്, കണ്ണൂർ സ്ഥലമെടുപ്പ്, കെട്ടിടങ്ങൾ

ബഡ്ജറ്റ് വിഹിതം : 2 കോടി രൂപ (പ്ലാൻ)

43. കണ്ണൂർ, ആയുർവേദ കോളേജിൽ പുതിയ അക്കാദമിക് ബ്ലോക്ക്, പെൺകുട്ടികൾക്കായിട്ടുള്ള ഹോസ്റ്റൽ എന്നിവയ്ക്കായി വകയിരുത്തിയിട്ടുള്ള ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ 25 കോടി രൂപ അധികമായി ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥനവഴിയോ ഈ ശീർഷകത്തിൽ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2210-02-101-99—കോളേജ് ആശുപത്രികളും പ്രസവ വാർഡും, തിരുവനന്തപുരം

ബഡ്ജറ്റ് വിഹിതം : നോൺ പ്ലാൻ

| | | | |
|---|---|---|---|
| 2210-02-101-99-02-1 | : | വേതനം - ശമ്പളം | - 8.87 ലക്ഷം രൂപ |
| 2210-02-101-99-02-2 | : | വേതനം - ക്ഷാമബത്ത | |
| 2210-02-101-99-02-3 | : | വേതനം - മറ്റ് അലവൻസുകൾ | |
| 2210-02-101-99-02-4 | : | വേതനം-കൺസോളിഡേറ്റഡ് പേ | - 54.54 ലക്ഷം രൂപ |
| 2210-02-101-99-02-5 | : | വേതനം - ദിവസ വേതനം | - 45.74 ലക്ഷം രൂപ |

44. തിരുവനന്തപുരം ആയുർവേദ കോളേജ് ആശുപത്രിയിലും പ്രസവ വാർഡിലും കരാർ അടിസ്ഥാനത്തിലും ദിവസ വേതന അടിസ്ഥാനത്തിലും ജോലി ചെയ്യുന്ന ജീവനക്കാർക്ക് വേതനം നൽകുന്നതിനുള്ള തുകയും ശമ്പളം, ക്ഷാമബത്ത, മറ്റ് അലവൻസുകൾ, കൺസോളിഡേറ്റഡ് പേ, ദിവസ വേതനം എന്നിവയ്ക്ക് അനുവദിച്ച തുകയും

അപര്യാപ്തമായതിനാൽ ധനപുനഃവിനിയോഗംവഴിയോ അഥവാ ഉപധനാഭ്യർത്ഥനവഴിയോ ചുവടെ കാണിച്ചിരിക്കുന്ന ശീർഷകങ്ങൾക്കു നേരെ കാണിച്ചിരിക്കുന്ന തുക അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

| | | |
|---|---|---|
| 2210-02-101-99-02-1<br>2210-02-101-99-02-2<br>2210-02-101-99-02-3 | : | 1 ലക്ഷം രൂപ |
| 2210-02-101-99-02-4 | : | 1 ലക്ഷം രൂപ |
| 2210-02-101-99-02-5 | : | 10 ലക്ഷം രൂപ |

2210-02-101-99—കോളേജ് ആശുപത്രികളും, പ്രസവവാർഡും തിരുവനന്തപുരം

ബഡ്ജറ്റ് വിഹിതം : നോൺ പ്ലാൻ

2210-02-101-99-04-1 : യാത്രാ ചെലവുകൾ - യാത്രാ ബത്ത - 9,000 രൂപ

2210-02-101-99-04-4 : യാത്രാചെലവുകൾ - അവധിയാത്രാനുകൂല്യം- 31,000 രൂപ

45. തിരുവനന്തപുരം ആയുർവേദ മെഡിക്കൽ കോളേജിലെ ജീവനക്കാരുടെ ഔദ്യോഗിക യാത്രകൾ അനുബന്ധിച്ചുള്ള ബില്ലുകൾ മാറുന്നതിനുള്ള തുകയും യാത്രാ ബത്ത അവധി യാത്രാനുകൂല്യം എന്നിവയ്ക്ക് നടപ്പു സാമ്പത്തികവർഷം വകയിരുത്തിയ തുകയും അപര്യാപ്തമായതിനാൽ ധനപുനഃവിനിയോഗംവഴിയോ അഥവാ ഉപധനാഭ്യർത്ഥനവഴിയോ ചുവടെ പറയുന്ന ശീർഷകങ്ങൾക്കു നേരെ കാണിച്ചിരിക്കുന്ന തുക അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

| | | |
|---|---|---|
| 2210-02-101-99-04-1 | : | 15,000 രൂപ |
| 2210-02-101-99-04-4 | : | 15,000 രൂപ |

2210-02-101-99—കോളേജ് ആശുപത്രികളും, പ്രസവവാർഡും തിരുവനന്തപുരം

ബഡ്ജറ്റ് വിഹിതം : നോൺ പ്ലാൻ

2210-02-101-99-05-1 —ഓഫീസ് ചെലവുകൾ - വെള്ളക്കരം - 8.10 ലക്ഷം രൂപ

2210-02-101-99-05-2 —ഓഫീസ് ചെലവുകൾ - വൈദ്യുതി ചെലവ് - 31.23 ലക്ഷം രൂപ

46. തിരുവനന്തപുരം ആയുർവേദ മെഡിക്കൽ കോളേജിലെ വെള്ളക്കരം, വൈദ്യുതി ചെലവ് എന്നിവയ്ക്ക് നടപ്പു സാമ്പത്തികവർഷം വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ ധനപുനഃവിനിയോഗംവഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ ചുവടെ പറയുന്ന ശീർഷകങ്ങൾക്കു നേരെ കാണിച്ചിരിക്കുന്ന തുക അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2210-02-101-99-05-1—വെള്ളക്കരം : 50 ലക്ഷം രൂപ

2210-02-101-99-05-2—വൈദ്യുതി ചെലവ് : 10 ലക്ഷം രൂപ

2210-02-101-99—കോളേജ് ആശുപത്രികളും, പ്രസവവാർഡും തിരുവനന്തപുരം

ബഡ്ജറ്റ് വിഹിതം : നോൺ പ്ലാൻ

2210-02-101-99-24 — സാധന സാമഗ്രികൾ - 53.86 ലക്ഷം രൂപ

2210-02-101-99-34-3 — മറ്റ് ചെലവുകൾ - മറ്റിനം - 6.98 ലക്ഷം രൂപ

2210-02-101-99-45 — പി. ഒ. എൽ. - 50,000 രൂപ

47. തിരുവനന്തപുരം ആയുർവേദ മെഡിക്കൽ കോളേജിലെ സാധന സാമഗ്രികൾ, മറ്റ് ചെലവുകൾ - മറ്റിനം, പി. ഒ. എൽ.. എന്നിവയ്ക്ക് നടപ്പു സാമ്പത്തികവർഷം വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ ധനപുനഃവിനിയോഗംവഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ ചുവടെ പറയുന്ന ശീർഷകങ്ങൾക്കു നേരെ കാണിച്ചിരിക്കുന്ന തുക അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2210-02-101-99-24—സാധന സാമഗ്രികൾ : 30 ലക്ഷം രൂപ

2210-02-101-99-34-3—മറ്റ് ചെലവുകൾ - മറ്റിനം : 1 ലക്ഷം രൂപ

2210-02-101-99-45—പി. ഒ. എൽ. : 90,000 രൂപ

2210-02-101-96—ആയുർവേദ ഫാർമസി

ബഡ്ജറ്റ് വിഹിതം : നോൺ പ്ലാൻ

2210-02-101-96-01-4—മെഡിക്കൽ റീ- ഇമ്പേഴ്സ്മെന്റ് - 1 ലക്ഷം രൂപ

2210-02-101-96-04-4—അവധി യാത്രാനുകൂല്യം - 15,000 രൂപ

2210-02-101-96-05-1—വെള്ളക്കരം - 48,000 രൂപ

2210-02-101-96-24—സാധന സാമഗ്രികൾ - 63.75 ലക്ഷം രൂപ

48. ആയുർവേദ ഫാർമസിയുടെ മെഡിക്കൽ റീ-ഇമ്പേഴ്സ്മെന്റ്, യാത്രാ ചെലവുകൾ അവധി യാത്രാനുകൂല്യം, വെള്ളക്കരം, സാധന സാമഗ്രികൾ വാങ്ങുന്നതിനുള്ള ചെലവുകൾ എന്നിവയ്ക്കു നടപ്പ് സാമ്പത്തികവർഷം വകയിരുത്തിയിരിക്കുന്ന ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ ചുവടെ പറയുന്ന ശീർഷകങ്ങളിൽ കാണിച്ചിരിക്കുന്ന തുക ധനപുനഃവിനിയോഗംവഴിയോ അഥവാ ഉപധനാഭ്യർത്ഥനവഴിയോ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2210-02-101-96-01-4— 3 ലക്ഷം രൂപ

2210-02-101-96-04-4— 3 ലക്ഷം രൂപ

2210-02-101-96-05-1— 3 ലക്ഷം രൂപ

2210-02-101-96-24— 27 ലക്ഷം രൂപ

2210-02-101-94-05-1—ഔഷധസസ്യ പഠന കേന്ദ്രം ഓഫീസ് ചെലവുകൾ -വെള്ളക്കരം

ബഡ്ജറ്റ് വിഹിതം : 30,000 രൂപ (നോൺ പ്ലാൻ)

49. തിരുവനന്തപുരം ഔഷധ സസ്യ പഠന കേന്ദ്രത്തിന്റെ വെള്ളക്കര കുടിശ്ശികയ്ക്ക് നടപ്പ് സാമ്പത്തികവർഷം വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗംവഴിയോ അഥവാ ഉപധനാഭ്യർത്ഥനവഴിയോ 10 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2210-02-101-85—പഞ്ചകർമ്മ ആശുപത്രിയുടെ വികസനം

ബഡ്ജറ്റ് വിഹിതം : നോൺ പ്ലാൻ

| | | | |
|---|---|---|---|
| 2210-02-101-85-02-1 | – | വേതനം-ശമ്പളം | 2.89 ലക്ഷം രൂപ |
| 2210-02-101-85-02-2 | – | വേതനം - ക്ഷാമബത്ത | |
| 2210-02-101-85-02-3 | – | വേതനം - മറ്റ് അലവൻസുകൾ | |
| 2210-02-101-85-05-1 | – | വെള്ളക്കരം | 1.02 ലക്ഷം രൂപ |
| 2210-02-101-85-05-3 | – | ടെലഫോൺ ചെലവ് | 50,000 രൂപ |

50. പഞ്ചകർമ്മ ആശുപത്രിയിലെ ജീവനക്കാരുടെ ശമ്പളം, ക്ഷാമബത്ത, മറ്റ് അലവൻസുകൾ, ഓഫീസ് ചെലവുകളായ വെള്ളക്കരം, ടെലഫോൺ ചെലവ് എന്നിവയ്ക്കായി നടപ്പ് സാമ്പത്തികവർഷം വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ ചുവടെ പറയുന്ന ശീർഷകങ്ങൾക്കു നേരെ കാണിച്ചിരിക്കുന്ന തുക ധനപുനഃവിനിയോഗംവഴിയോ അഥവാ ഉപധനാഭ്യർത്ഥനവഴിയോ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

| | | |
|---|---|---|
| 2210-02-101-85-1<br>2210-02-101-85-2<br>2210-02-101-85-3 | – | 82,000 രൂപ |
| 2210-02-101-85-05-1 | – | 10 ലക്ഷം രൂപ |
| 2210-02-101-85-05-3 | – | 22,000 രൂപ |

2210-02-101-78—<u>ആയുർവേദ കോളേജ് ആശുപത്രി, കണ്ണൂർ</u>

ബഡ്ജറ്റ് വിഹിതം : നോൺ പ്ലാൻ

| | | | |
|---|---|---|---|
| 2210-02-101-78-01-4 | : | ശമ്പളം - മെഡിക്കൽ റീ-ഇമ്പേഴ്സ്മെന്റ് | – 50,000 രൂപ |
| 2210-02-101-78-02-1 | : | വേതനം - ശമ്പളം | |
| 2210-02-101-78-02-2 | : | വേതനം -ക്ഷാമബത്ത | – 3.22 ലക്ഷം രൂപ |
| 2210-02-101-78-02-3 | : | വേതനം -മറ്റ് ചെലവുകൾ | |
| 2210-02-101-78-02-5 | : | വേതനം -ദിവസവേതനം | – 14.66 ലക്ഷം രൂപ |

51. കണ്ണൂർ ഗവ. ആയുർവേദ കണ്ണാശുപത്രിയിലെ ജീവനക്കാരുടെ ശമ്പളവും മറ്റാനുകൂല്യങ്ങളും, മെഡിക്കൽ റീ-ഇമ്പേഴ്സ്മെന്റ്, ദിവസവേതനം എന്നിവയ്ക്കായി നടപ്പ് സാമ്പത്തികവർഷം വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ <u>ചുവടെ പറയുന്ന ശീർഷകങ്ങൾക്കു നേരെ കാണിച്ചിരിക്കുന്ന തുക അധികമായി ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥനവഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.</u>

| | | |
|---|---|---|
| 2210-02-101-78-01-4 | – | 5.2592 ലക്ഷം രൂപ |
| 2210-02-101-78-02-1<br>2210-02-101-78-02-2<br>2210-02-101-78-02-3 | – | 1 ലക്ഷം രൂപ |
| 2210-02-101-78-02-5 | – | 10 ലക്ഷം രൂപ |

2210-05-101-96—<u>ആയുർവേദ മെഡിക്കൽ കോളേജ്, തൃപ്പൂണിത്തുറ</u>

ബഡ്ജറ്റ് വിഹിതം : (നോൺ പ്ലാൻ)

| | |
|---|---|
| 2210-05-101-96 -02-1 -വേതനം-ശമ്പളം<br>2210-05-101-96 -02-2-വേതനം-ക്ഷാമബത്ത | 10.68 ലക്ഷം രൂപ |

2210-05-101-96 -06— വാടക, കരം, നികുതി : 58,000 രൂപ

2210-05-101-96 -12—സ്കോളർഷിപ്പുകളും സ്റ്റൈപ്പെൻഡുകളും : 4.21 കോടി രൂപ

2210-05-101-96-21-2—മോട്ടോർവാഹനങ്ങൾ-സംരക്ഷണവും അറ്റകുറ്റപ്പണികളും : 13,000 രൂപ

2210-05-101-96 -24—സാധന സാമഗ്രികൾ : 28.20 ലക്ഷം രൂപ

2210-05-101-96 -45—പി.ഒ.എൽ. : 32,000 രൂപ

52. തൃപ്പൂണിത്തുറ ആയുർവേദ മെഡിക്കൽ കോളേജിൽ, വേതന ഇനത്തിലും കുട്ടികളുടെ സ്കോളർഷിപ്പുകളും സ്റ്റൈപ്പെൻഡുകളും, മോട്ടോർ വാഹനങ്ങളുടെ അറ്റകുറ്റപ്പണികൾ, സാധന സാമഗ്രികൾ വാങ്ങുന്നതിനും ഇന്ധന ചെലവിലേയ്ക്കുമായി നടപ്പ് സാമ്പത്തിക വർഷം വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമാണ്. ആയതിനാൽ താഴെപ്പറയുന്ന ശീർഷകങ്ങൾക്ക് നേരെ കാണിച്ചിരിക്കുന്ന തുക അധികമായി ധനപുനഃവിനിയോഗംവഴിയോ അഥവാ ഉപധനാഭ്യർത്ഥനവഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

| | | |
|---|---|---|
| 2210-05-101-96-02-01<br>2210-05-101-96-02-02 | | 1.50 ലക്ഷം രൂപ |
| 2210-05-101-96-06 | - | 50,000 രൂപ |
| 2210-05-101-96-12 | - | 4.5 കോടി രൂപ |
| 2210-05-101-96-21-2 | - | 1 ലക്ഷം രൂപ |
| 2210-05-101-96-24 | | 1.80 ലക്ഷം രൂപ |
| 2210-05-101-96-45 | - | 50,000 രൂപ |

2210-05-101-95—ആയുർവേദ മെഡിക്കൽ കോളേജ്, തിരുവനന്തപുരം

ബഡ്ജറ്റ് വിഹിതം : (നോൺ പ്ലാൻ)

| | | |
|---|---|---|
| 2210-05-101-95-02-1 — വേതനം-ശമ്പളം<br>2210-05-101-95-02-2 — വേതനം-ക്ഷാമബത്ത<br>2210-05-101-95-02-3 — വേതനം-മറ്റ് അലവൻസുകൾ | | :13.49 ലക്ഷം രൂപ |
| 2210-05-101-95-02-4 — കൺസോളിഡേറ്റഡ് പേ | | : 73 ലക്ഷം രൂപ |
| 2210-05-101-95-02-5 — ദിവസ വേതനം | | : 31.78 ലക്ഷം രൂപ |

2210-05-101-95-04-4 — യാത്രാ ചെലവുകൾ- അവധി യാത്രാനുകൂല്യം : 67,000 രൂപ

2210-05-101-95-05-1 — ഓഫീസ് ചെലവുകൾ- വെള്ളക്കരം : 5.50 ലക്ഷം രൂപ

2210-05-101-95-12 —സ്കോളർഷിപ്പുകളും സ്റ്റൈപ്പെൻഡുകളും: 8.5 കോടി രൂപ

53. തിരുവനന്തപുരം ആയുർവേദ മെഡിക്കൽ കോളേജിൽ വേതനം, അവധി യാത്രാനുകൂല്യം, വെള്ളക്കരം എന്നീ ഇനങ്ങളിലും കുട്ടികൾക്കായി അനുവദിച്ച സ്റ്റൈപ്പെൻഡും സ്കോളർഷിപ്പും, കൺസോളിഡേറ്റഡ് പേ, ദിവസ വേതനം, യാത്രാചെലവുകൾ, അവധി യാത്രാനുകൂല്യം, വെള്ളക്കരം എന്നിവയ്ക്കായി നടപ്പ് സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് വിഹിതം അപര്യാപ്തമാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ചുവടെ പറയുന്ന ശീർഷകങ്ങൾക്കു നേരെ കാണിച്ചിരിക്കുന്ന തുക അധികമായി ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥനവഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

| | | |
|---|---|---|
| 2210-05-101-95-02-1<br>2210-05-101-95-02-2<br>2210-05-101-95-02-3 | - | 5 ലക്ഷം രൂപ |
| 2210-05-101-95-02-4 | - | 70 ലക്ഷം രൂപ |
| 2210-05-101-95-02-5 | - | 5 ലക്ഷം രൂപ |
| 2210-05-101-95-04-4 | - | 10 ലക്ഷം രൂപ |
| 2210-05-101-95-05-1 | - | 50 ലക്ഷം രൂപ |
| 2210-05-101-95-12 | - | 8 കോടി രൂപ |

2210-05-101-79—ഗവൺമെന്റ് ആയുർവേദ കോളേജ്, കണ്ണൂർ

ബഡ്ജറ്റ് വിഹിതം : നോൺ പ്ലാൻ

2210-05-101-79-02-4—വേതനം- കൺസോളിഡേറ്റ് പേ – 92.38 ലക്ഷം രൂപ

2210-05-101-79-02-5— വേതനം- ദിവസവേതനം – 4.44 ലക്ഷം രൂപ

2210-05-101-79-05-2—ഓഫീസ് ചെലവുകൾ – വൈദ്യുതി ചെലവ് – 15.58 ലക്ഷം രൂപ

2210-05-101-79-06—വാടക - കരം - നികുതി– 15,000 രൂപ

54. കണ്ണൂർ, ഗവൺമെന്റ് ആയുർവേദ കോളേജുമായി ബന്ധപ്പെട്ട മേൽ ശീർഷകങ്ങളിൽ നടപ്പു സാമ്പത്തിക വർഷം വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമാണ്. ആയതിനാൽ ധനപുനഃവിനിയോഗംവഴിയോ അഥവാ ഉപധനാഭ്യർത്ഥനവഴിയോ ചുവടെ പറയുന്ന ശീർഷകങ്ങൾക്ക് നേരെ കാണിച്ചിരിക്കുന്ന തുക അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2210-05-101-79-02-4– 42.63 ലക്ഷം രൂപ

2210-05-101-79-02-2– 4.43 ലക്ഷം രൂപ

2210-05-101-79-05-2– 5 ലക്ഷം രൂപ

2210-05-101-79-06– 60,000 രൂപ

## ഹോമിയോപ്പതി വകുപ്പ്

2210-02-102-75—ഹോമിയോപ്പതി വകുപ്പിന്റെ നിലവാരം ഉയർത്തലും നവീകരണവും

ബഡ്ജറ്റ് വിഹിതം : 7 കോടി രൂപ (പ്ലാൻ)

55. ഇ-ഹോസ്പിറ്റൽ സംവിധാനം സംസ്ഥാനത്തെ 34 ഹോമിയോ ആശുപത്രികളിലും നടപ്പിൽ വരുത്തുന്നതിന് 1.6 കോടി രൂപ അധികമായി ധനപുനഃവിനിയോഗംവഴിയോ അഥവാ ഉപധനാഭ്യർത്ഥനവഴിയോ ഈ ശീർഷകത്തിൽ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2210-02-102-74—ഹോമിയോപ്പതി വകുപ്പിന്റെ ആരോഗ്യപാലനവും പ്രത്യേക ആരോഗ്യ സംരക്ഷണ കേന്ദ്രങ്ങളും

ബഡ്ജറ്റ് വിഹിതം : 6.45 കോടി രൂപ (പ്ലാൻ)

56. ഹോമിയോപ്പതി വകുപ്പിന് കീഴിലുള്ള RAECH (Rapid Action Epidemic Control Cell Homoeopathy)-ന്റെ നേതൃത്വത്തിൽ സാംക്രമിക രോഗ നിയന്ത്രണ പരിപാടിയുടെ ഭാഗമായി കോവിഡ് പ്രവർത്തനങ്ങൾ കാര്യക്ഷമമായി നിർവ്വഹിക്കുന്നതിനും ഈ പദ്ധതിക്ക് കീഴിലുള്ള വ്യത്യസ്ത ആതുര സേവന പദ്ധതികളിൽ പ്രവർത്തിക്കുന്ന താൽക്കാലിക ജീവനക്കാരുടെ കുടിശ്ശിക വേതനം കൊടുത്തുതീർക്കുന്നതിനുമായി 1.32 കോടി രൂപ അധികമായി ധനപുനഃവിനിയോഗംവഴിയോ അഥവാ ഉപധനാഭ്യർത്ഥനവഴിയോ ഈ ശീർഷകത്തിൽ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## ഹോമിയോപ്പതി വിദ്യാഭ്യാസ വകുപ്പ്

2210-02-102-97-34-3—ഹോമിയോ കോളേജ് ആശുപത്രി, കോഴിക്കോട് - മറ്റ് ചെലവുകൾ - മറ്റിനം

ബഡ്ജറ്റ് വിഹിതം : 62.70 ലക്ഷം രൂപ (പ്ലാൻ)

57. കോഴിക്കോട് ഹോമിയോ കോളേജ് ആശുപത്രിയിൽ ഇ-ഓഫീസ്, ഇ-ഹോസ്പിറ്റൽ എന്നിവ നടപ്പിലാക്കുന്നതിന് ആവശ്യമായ സൗകര്യങ്ങൾ ഒരുക്കുന്നതിനായി നടപ്പ് സാമ്പത്തിക വർഷം ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമാണ്. ആയതിനാൽ ഈ ശീർഷകത്തിൽ 23.50 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥനവഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2210-05-102-98-34-3—ഹോമിയോപ്പതി മെഡിക്കൽ കോളേജ്, കോഴിക്കോട് മറ്റു ചെലവുകൾ - മറ്റിനം

ബഡ്ജറ്റ് വിഹിതം : 43 ലക്ഷം രൂപ (പ്ലാൻ)

58. 2021-22 സാമ്പത്തിക വർഷം അനുവദിക്കപ്പെട്ട താലോലം പ്രോജക്ടിന്റെ സുഗമമായ പ്രവർത്തനത്തിന് അനുവദിച്ചിട്ടുള്ള തുക അപര്യാപ്തമാണ്. ആയതിനാൽ 23.61 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗംവഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ ഈ ശീർഷകത്തിൽ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2210-02-102-98—ഹോമിയോ കോളേജ് ആശുപത്രി, തിരുവനന്തപുരം

ബഡ്ജറ്റ് വിഹിതം : (നോൺ പ്ലാൻ)

2210-02-102-98-01-2—ശമ്പളം - ക്ഷാമബത്ത - 17.16 ലക്ഷം രൂപ

2210-02-102-98-01-3—ശമ്പളം - വീട്ടുവാടക അലവൻസ് - 7.59 ലക്ഷം രൂപ

59. തിരുവനന്തപുരം ഹോമിയോ കോളേജ് ആശുപത്രിയിലെ പുതുക്കിയ ഡി.എ. കുടിശ്ശിക, പുതുക്കിയ വീട്ട് വാടക അലവൻസ് എന്നിവയ്ക്ക് നടപ്പുസാമ്പത്തിക വർഷം വകയിരുത്തിയിട്ടുള്ള വിഹിതം അപര്യാപ്തമാണ്. ആയതിനാൽ 2210-02-102-98-01-2- ശീർഷകത്തിൽ 10 ലക്ഷം രൂപയും 2210-02-102-98-01-3 ശീർഷകത്തിൽ 7 ലക്ഷം രൂപയും ധനപുനഃവിനിയോഗംവഴിയോ അഥവാ ഉപധനാഭ്യർത്ഥനവഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2210-02-102-98-02-2—ഹോമിയോ കോളേജ് ആശുപത്രി, തിരുവനന്തപുരം-വേതനം - ക്ഷാമബത്ത

ബഡ്ജറ്റ് വിഹിതം : 21,000 രൂപ (നോൺ പ്ലാൻ)

60. നടപ്പ് സാമ്പത്തിക വർഷം ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ പുതുക്കിയ ഡി.എ. കുടിശ്ശിക അനുവദിക്കുന്നതിനായി 43,000 രൂപ അധികമായി ധനപുനഃവിനിയോഗംവഴിയോ അഥവാ ഉപധനാഭ്യർത്ഥനവഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2210-02-102-98-04-2—ഹോമിയോ കോളേജ് ആശുപത്രി, തിരുവനന്തപുരം-യാത്ര ചെലവുകൾ-സ്ഥലംമാറ്റ ബത്ത

ബഡ്ജറ്റ് വിഹിതം : 4000 രൂപ (നോൺ പ്ലാൻ)

61. നടപ്പ് സാമ്പത്തിക വർഷം ഈ ശീർഷകത്തിനുള്ള ബഡ്ജറ്റ് വിഹിതം അപര്യാപ്തമാണ്. ആയതിനാൽ തീർപ്പാക്കാനുള്ള സ്ഥലമാറ്റ ബത്തയ്ക്കുള്ള അപേക്ഷകൾ പരിഗണിക്കുന്നതിലേക്കായി 50,000 രൂപ അധികമായി ധനപുനഃവിനിയോഗംവഴിയോ അഥവാ ഉപധനാഭ്യർത്ഥനവഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2210-02-102-98—ഹോമിയോ കോളേജ് ആശുപത്രി, തിരുവനന്തപുരം

ബഡ്ജറ്റ് വിഹിതം : (നോൺ പ്ലാൻ)

2210-02-102-98-05-2—ഓഫീസ് ചെലവുകൾ - വൈദ്യുതി ചെലവ് - 7.5 ലക്ഷം രൂപ

2210-02-102-98-05-3—ഓഫീസ് ചെലവുകൾ -ടെലഫോൺ ചെലവ് - 40,000 രൂപ

62. തിരുവനന്തപുരം ഹോമിയോ കോളേജ് ആശുപത്രിയിലെ വൈദ്യുതി ബിൽ, ഇന്റർനെറ്റ്, ടെലഫോൺ ചാർജ്ജ് എന്നിവയ്ക്കായി നടപ്പ സാമ്പത്തിക വർഷം വകയിരുത്തിയിട്ടുള്ള ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ 2210-02-102-98 -05-2, ശീർഷകത്തിൽ 3 ലക്ഷം രൂപയും 2210-02-102-98-05-3- ശീർഷകത്തിൽ 30,000 രൂപയും അധികമായി ധനപുനഃവിനിയോഗംവഴിയോ അഥവാ ഉപധനാഭ്യർത്ഥനവഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2210-05-102-99—ഹോമിയോപ്പതി മെഡിക്കൽ കോളേജ്, തിരുവനന്തപുരം

ബഡ്ജറ്റ് വിഹിതം : നോൺ പ്ലാൻ

2210-05-102-99-05-4—ഓഫീസ് ചെലവുകൾ - മറ്റിനങ്ങൾ– 1.38 ലക്ഷം രൂപ

2210-05-102-99-12—സ്കോളർഷിപ്പുകളും-സ്റ്റൈപ്പെൻഡുകളും– 2.8875 കോടി രൂപ

2210-05-102-99-34-3—മറ്റു ചെലവുകൾ - മറ്റിനം– 1.10 ലക്ഷം രൂപ

63. തിരുവനന്തപുരം ഹോമിയോ മെഡിക്കൽ കോളേജിന്റെ ഓഫീസ് ചെലവുകൾ സ്കോളർഷിപ്പുകളും സ്റ്റൈപ്പെൻഡുകളും മറ്റു ചെലവുകൾ, മറ്റിനം എന്നിവയ്ക്ക് നടപ്പ് സാമ്പത്തിക വർഷം ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമാണ്.

ആയതിനാൽ താഴെപ്പറയുന്ന ശീർഷകങ്ങൾക്കുനേരെ കാണിച്ചിരിക്കുന്ന തുക അധികമായി ധനപുനഃവിനിയോഗംവഴിയോ അഥവാ ഉപധനാഭ്യർത്ഥനവഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2210-05-102-99-05-4– 1 ലക്ഷം രൂപ

2210-05-102-99-12– 60 ലക്ഷം രൂപ

2210-05-102-99-34-3– 1 ലക്ഷം രൂപ

2210-05-102-98—ഹോമിയോപ്പതി മെഡിക്കൽ കോളേജ്, കോഴിക്കോട്.

ബഡ്ജറ്റ് വിഹിതം : നോൺ പ്ലാൻ

2210-05-102-98-02-5—വേതനം- ദിവസവേതനം– 11.25 ലക്ഷം രൂപ

2210-05-102-98-12—സ്കോളർഷിപ്പുകളും സ്റ്റൈപ്പെൻഡുകളും– 2 കോടി രൂപ

2210-05-102-98-34-1—മറ്റു ചെലവുകൾ - വെള്ളക്കരം– 1.57 ലക്ഷം രൂപ

2210-05-102-98-34-2—മറ്റു ചെലവുകൾ - വൈദ്യുതി ചെലവ്– 8.74 ലക്ഷം രൂപ

64. ഹോമിയോപ്പതി മെഡിക്കൽ കോളേജിന്റെ വേതനം, ദിവസവേതനം, സ്കോളർഷിപ്പുകളും സ്റ്റൈപ്പെൻഡുകളും, മറ്റു ചെലവുകൾ, വെള്ളക്കരം, വൈദ്യുതി ചെലവ് തുടങ്ങിയ ആവശ്യങ്ങൾക്കായി നടപ്പ് സാമ്പത്തിക വർഷം വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ ധനപുനഃവിനിയോഗംവഴിയോ അഥവാ ഉപധനാഭ്യർത്ഥനവഴിയോ ചുവടെ പറയുന്ന ശീർഷകങ്ങൾക്കുനേരെ കാണിച്ചിരിക്കുന്ന തുക അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2210-05-102-98-02-5– 50.75 ലക്ഷം രൂപ

2210-05-102-98-12– 76 ലക്ഷം രൂപ

2210-05-102-98-34-1– 6.93 ലക്ഷം രൂപ

2210-05-102-98-34-2– 8.26 ലക്ഷം രൂപ

2210-05-102-88-12—സ്വകാര്യ ഹോമിയോ മെഡിക്കൽ കോളേജുകളിലെ ജീവനക്കാർക്ക് നേരിട്ട് ശമ്പളം നൽകുന്നതിന് -സ്കോളർഷിപ്പുകളും സ്റ്റൈപ്പെന്റുകളും

ബഡ്ജറ്റ് വിഹിതം : 3.09 കോടി രൂപ (നോൺ പ്ലാൻ)

65. സ്വകാര്യ ഹോമിയോപ്പതിക് മെഡിക്കൽ കോളേജുകളിലേക്ക് സ്റ്റൈപന്റ് വിതരണം ചെയ്യുന്നതിനായി 2020-21 സാമ്പത്തിക വർഷത്തെ കുടിശ്ശിക ഉൾപ്പെടെ നടപ്പ്

സാമ്പത്തിക വർഷം അനുവദിച്ചിട്ടുള്ള തുക അപര്യാപ്തമാണ്. ആയതിനാൽ 90 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗംവഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ ഈ ശീർഷകത്തിൽ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

### സംസ്ഥാന ഔഷധസസ്യ ബോർഡ്

2210-05-101-60—സ്റ്റേറ്റ് മെഡിസിനൽ പ്ലാന്റ്സ് ബോർഡ്

ബഡ്ജറ്റ് വിഹിതം : 25 ലക്ഷം രൂപ (പ്ലാൻ)

66. നിലവിലുള്ള പദ്ധതികളുടെ തുടർ നടത്തിപ്പിനുവേണ്ടി 2021-22 സാമ്പത്തിക വർഷം അനുവദിച്ച 25 ലക്ഷം രൂപ പദ്ധതികൾ നടപ്പിലാക്കുവാൻ പര്യാപ്തമല്ലാത്തതിനാൽ ധനപുനഃവിനിയോഗംവഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ 42 ലക്ഷം രൂപ അധികമായി ഈ ശീർഷകത്തിൽ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## ധനാഭ്യർത്ഥന നമ്പർ XIX

### കുടുംബക്ഷേമം

വോട്ട് ചെയ്തത് : 525.2573 കോടി രൂപ

ചാർജ്ജ് ചെയ്തത് : 1 ലക്ഷം രൂപ

2211-00-101-95—സബ്സെന്ററുകൾ

ബഡ്ജറ്റ് വിഹിതം : 292.7435 കോടി രൂപ (പ്ലാൻ)

67. സബ്സെന്ററുകൾക്ക് നടപ്പ് സാമ്പത്തിക വർഷം ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 207 കോടി രൂപ അധികമായി ധനപുനഃവിനിയോഗംവഴിയോ അഥവാ ഉപധനാഭ്യർത്ഥനവഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**വീണാ ജോർജ്ജ്,**
*ചെയർപേഴ്സൺ,*
*സബ്ജക്ട് കമ്മിറ്റി XII.*

തിരുവനന്തപുരം,
*2021 ജൂലൈ 1.*